**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **13-09-2023 - ൽ മറുപടിയ്ക്ക്**

**പുകയിലയുടെ ദൂഷ്യവശങ്ങൾക്കെതിരെയുള്ള പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലോകാരോഗ്യ സംഘടന നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ -2 പ്രകാരം കേരളത്തിലെ പുകയില ഉപയോഗത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2009 -10 വർഷത്തിൽ നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ -1 പ്രകാരം കേരളത്തിൽ 21 % പേർ പുകയില ഉത്പന്നങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ 2016-17 വർഷത്തിൽ നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ -2 പ്രകാരം അത് 12.7 % ആയി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഇതിനടിസ്ഥാനമായി പുകയില ഉപയോഗത്തിനും പുകയിലയുടെ ദൂഷ്യവശങ്ങൾക്കുമെതിരെ പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. പുകയില ഉല്പന്നങ്ങൾ ശരീരത്തിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മറ്റ് പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിന് ബോധവൽക്കരണ ക്ലാസുകളും വിവിധ മത്സരങ്ങളും മറ്റ് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |
| (സി) | പുകയിലെക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇവിടങ്ങളിൽ കൗൺസിലിംഗും ചികിത്സയും ലഭ്യമാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (സി) | പുകയിലെക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി മാത്രം എക്സൈസ് വകുപ്പ് പ്രത്യേക ക്ലിനിക്കുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ഉപയോഗങ്ങൾക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ലഹരി ഉപയോഗിക്കുന്നവർക്ക് ജില്ലകളിൽ പ്രാഥമിക കൗൺസിലിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്ത എക്സൈസ് ജീവനക്കാരെ നിംഹാൻസ് മുഖേന ട്രെയിനിംഗ് നൽകി കൗൺസിലിംഗ് സേവനം നൽകി വരുന്നുണ്ട്. കൂടാതെ ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകുന്നതിനായി 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ